LIBRARY ARCHIVES Kerala Legislative Assembly

കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ അംഗൻവാടി കെട്ടിടത്തിന് ഭൂമി

183 (7152) ശ്രീമതി കെ. കെ. റ്റിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ കുളങ്ങരത്ത് അംഗൻവാടി കെട്ടിടത്തിന് റവന്യൂ വകുപ്പിന്റെ സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച അപേക്ഷ റവന്യൂ ഡിപ്പാർട്ട്മെന്റ് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത ഫയലിൽ റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളും തീരുമാനങ്ങളും എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കോഴിക്കോട് ജില്ലാ കളക്ടർ സമർപ്പിച്ച ഭൂമികൈമാറ്റ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

കാക്കത്തുരുത്ത് പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്ന നടപടി

184 (7153) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന് ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടരുന്നുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടറുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; സ്ഥലം ഏറ്റെടുക്കൽ നടപടികൾ താമസിക്കുന്നതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം 'Right to Fair Compensation and Transperancy in Land Acquisition, Rehabilitation and Resettlement Act 2013' നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിച്ചതിന് ശേഷംമാത്രമേ സ്ഥലമേറ്റെടുക്കാൻ നിർവ്വാഹമുള്ളൂ. സ്ഥലം ഏറ്റെടുക്കൽ നടപടികൾ താമസിക്കുന്നതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടില്ല.